**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4640** **10-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാഫിക് നിയമലംഘനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ട്രാഫിക് നിയമലംഘനങ്ങൾ തടയുവാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | ട്രാഫിക് നിയമലംഘനങ്ങൾ തടഞ്ഞ് അപകടങ്ങൾ കുറയ്ക്കുന്നതിനായി 24 മണിക്കൂറും സേവന സജ്ജമായ 85 സ്ക്വാഡുകൾ സേഫ് കേരള പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തിലെ നിരത്തുകളിൽ പരിശോധന നടത്തിവരുന്നു. സേഫ് കേരള പ്രോജക്ടിന്റെ ഭാഗമായി നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന 700 ൽ പരം ANPR (Automatic number plate recognition) ക്യാമറകളും ഉടനെ വിന്യസിക്കുന്നതാണ്. Intelligent Transport System – ത്തിന്റെ ഭാഗമായി Automated enforcement രീതി ഉപയോഗിച്ച് ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി ലംഘകരെ നിയമത്തിനു മുന്നിൽ കൊണ്ടുവരിക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അപകടങ്ങളെ ശാസ്ത്രീയമായി രേഖപ്പെടുത്തി പഠന വിധേയമാക്കി അപകട മേഖലകൾ കണ്ടെത്തി പരിഹാര നിർദ്ദേശം നൽകുന്നതടക്കം ഉൾപ്പെട്ട Indian Road Accident data base സംസ്ഥാനത്ത് നിലവിൽ വരുത്തുന്നതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ